(ii) Written Answers

ആയുർവേദ യൂണിവേഴ്സിറ്റി

* 77 [104] [ശ്രീ. സി. എസ്. ഗംഗാധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു ആയുർവേദ യൂണിവേഴ്സിറ്റി തുടങ്ങുന്നതിന് ഉദ്ദേശമുണ്ടോ ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള ആയുർവേദ കോളേജുകളെ ക്രോഡീകരിച്ചുകൊണ്ടും റിസർച്ച്, ഡവലപ്പ്മെന്റ് ഓറിയന്റേഷൻ എന്നിവയിൽ കേന്ദ്രീകരിച്ചും ഒരായുർവേദ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ ഇതിനകം എടുത്തു കഴിഞ്ഞിട്ടുണ്ടോ ?

ആരോഗ്യമന്ത്രി (ശ്രീ. എൻ. കെ. ബാലകൃഷ്ണൻ) :

(എ, ബി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(സി) കേരളത്തിൽ ഒരു ആയുർവേദ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടായിരുന്നു. എന്നാൽ അങ്ങനെ ഒരു പദ്ധതിക്ക് ധനസഹായം നൽകുന്നതിന് ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിന് ഇല്ലെന്നറിയിച്ചതിനാൽ തൽക്കാലം യൂണിവേഴ്സിറ്റി സ്ഥാപിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. പിന്നീട്, ആയുർവേദ ഗവേഷണത്തിനായി കേരള ആയുർവ്വേദ റിസർച്ച് സൊസൈറ്റി എന്ന പേരിൽ കോട്ടക്കലിൽ ഒരു സൊസൈറ്റി സ്ഥാപിച്ചിട്ടുണ്ട്. ഇപ്പോൾ നിലവിലുള്ള റിസർച്ച് സ്ഥാപനങ്ങളെല്ലാംകൂടി ക്രോഡീകരിച്ച് ഒരു നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

ഹാർബർ നിർമ്മാണ പ്രവർത്തനം

* 78 [105] [ശ്രീ. പിണറായി വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാർബർ നിർമ്മാണപ്രവർത്തനം സംബന്ധിച്ച് ഇന്തോ-പോം കമ്പനിയുടെ റിപ്പോർട്ട് അനുസരിച്ച് ഏതെല്ലാം പോർട്ടുകളുടെ പ്രവർത്തനമാണ് ഇപ്പോൾ ആരംഭിച്ചിട്ടുള്ളത് ;

(ബി) അഴീക്കൽ, പൊന്നാനി പോർട്ടുകളിലെ പ്രവർത്തനം എപ്പോഴാണ് തുടങ്ങുന്നത് ?

തദ്ദേശ സ്വയംഭരണമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) :

(എ) ഒരു തുറമുഖത്തിന്റേയും നിർമ്മാണപ്രവർത്തനം ആരംഭിച്ചിട്ടില്ല. നീണ്ടകര, ബേപ്പൂർ എന്നീ മൽസ്യബന്ധന തുറമുഖങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഈ സ്ഥലങ്ങളിൽ ഇപ്പോൾ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly